LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടികളിലെ നിയമനം

116 [488] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരീക്കോട് ബ്ലോക്കിനു കീഴിലെ അംഗൻവാടികളിൽ വർക്കർ, ഹെൽപ്പർ തസ്തികകളിൽ നിയമനങ്ങൾക്ക് ഇന്റർവ്യൂ കഴിഞ്ഞിട്ടുണ്ടോ;

(ബി) പ്രസ്തുത അംഗൻവാടികളിൽ വർക്കർ, ഹെൽപ്പർ തസ്തികകളിൽ നിയമനം നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിയമനം നടക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) എന്നത്തേയ്ക്ക് പ്രസ്തുത നിയമനം നടപ്പാക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) നേരത്തെ നടന്ന വർക്കർ/ഹെൽപ്പർ സെലക്ഷൻ അപേക്ഷയിലും ഇന്റർവ്യൂവിലും അഴിമതിയുണ്ടെന്ന പരാതിയെത്തുടർന്ന് നിയമനം നടത്തുന്നതിനായുള്ള നടപടികൾ നിർത്തിക്കാൻ ഉത്തരവായിരുന്നു. നിയമനം നടത്തുന്നതിനുള്ള നടപടികൾ ഉടൻ എടുക്കുന്നതാണ്.

കണ്ണൂർ ജില്ലയിൽ പുതിയ അംഗൻവാടികൾ

117 [489] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി പഞ്ചായത്തിൽ രണ്ട് അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ രണ്ട് അംഗൻവാടികൾ അനുവദിക്കാൻ സർക്കാർ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഇതിനുള്ള അപേക്ഷ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു.